**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

# വിജ്ഞാപനം

## കീം 2021
## ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം 2021
## മോപ് അപ് കൗൺസിലിംഗിനുശേഷമുള്ള വേക്കൻസികൾ നികത്തുന്നത് സംബന്ധിച്ച്

2021 വർഷത്തെ ആയൂർവേദ/ഹോമിയോ/സിദ്ധ/യുനാനി മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ ഒഴിവുകൾ നികത്തുന്നതിനായി നടത്തിയ മോപ് അപ് കൗൺസിലിംഗിനുശേഷം നിലനിൽക്കുന്ന ഒഴിവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി അതാത് കോളേജ് അടിസ്ഥാനത്തിൽ നികത്തുന്നതാണ്. പ്രസ്തുത ഒഴിവുകളിലക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

- പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള മെഡിക്കൽ /ആയൂർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടുന്നവരും, അതാത് കോഴ്സുകൾക്ക് കീം 2021 പ്രോസ്പെക്ടസ് പ്രകാരം നിർദ്ദേശിക്കപ്പെട്ട യോഗ്യത നേടിയവരും ആയിരിക്കണം.
- കീം 2021 പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരം പ്രസ്തുത കോഴ്സുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനുള്ള അക്കാദമിക യോഗ്യതയുള്ളവരായിരിക്കണം.
- നിലവിൽ എം.ബി.ബി.എസ്/ബി.ഡി.എസ്/ആയൂർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡി ക്കൽ അനുബന്ധ കോഴ്സുകളിൽ അഡ്മിഷൻ നേടാത്തവരായിരിക്കണം . എം.ബി.ബി.എസ്/ബി.ഡി.എസ്/ആയൂർവേദ/സിദ്ധ/യുനാനി /മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ മോപ് അപ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചിട്ടില്ലാത്തവരും ആയിരിക്കണം.
- AACCC യുടെ ഇൻഎലിജിബിൾ അപേക്ഷകരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവരായിരിക്കണം.

ഈ ഒഴിവുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ അലോട്ട്മെന്റ് ലിസ്റ്റും (പ്രൊവിഷണൽ), എലിജിബിൾ ക്യാൻഡിഡേറ്റ് ലിസ്റ്റും (പ്രൊവിഷണൽ) പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രൊവിഷണൽ ലിസ്റ്റുകളിൽ എന്തെങ്കിലും ന്യൂനതകൾ ഉളള പക്ഷം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ-മെയിലായ ceekinfo@cee.kerala.gov.in - ൽ 06.05.2022 ഉച്ചയ്ക്ക് 12 മണിക്ക് മുമ്പായി അറിയിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.05.05 22:44:36 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**05/05/2022**